# ജി എച്ച് എസ് എസ് കാട്ടിലങ്ങാടി



# തുള്ളികൾ

GHSS
KATTILANGADI

# ഉള്ളടക്കം

എന്തിനുവേണ്ടി

പ്രണയമഴ

ദശപുഷ്പങ്ങളുടെ
കൗതുകലോകം

വിശ്വാസം

പഴമ

ഗാന്ധിജിയും വിദ്യാഭ്യാസ
വതനങ്ങളും

വയനാട് - സ്വർഗ്ഗഭൂമി
യാത്രാവിവരണം

കുഞ്ഞ് മനസ്സിൻ മാധുര്യം

മ്യൂറൽ പെയിന്റിംങ്

കുച്ചുപ്പൊടി

അറബിക് ഭാഷ

ഒപ്പം ഒപ്പത്തിനൊപ്പം - ഒരു
ക്ലാസ്സ് അവലോകനം

ഒപ്പം ഒപ്പത്തിനൊപ്പം - പഠന
പിന്തുണ പരിപാടി

# എന്തിനു വേണ്ടി ?!!

ക്ഷീണം മറന്നു പണിയെടുക്കുന്ന അദ്ദേഹം! ... രാവെന്നോ പകലെന്നോ ഇല്ലാതെ അധ്വാനിക്കുന്നു. തന്റെ മകൻ ഡോക്ടർ ആകാൻ പഠിക്കുകയാണ് . മകന് ഒരു കുറവ് വരാതിരിക്കാനാണ് താനിങ്ങനെ ബുദ്ധിമുട്ടുന്നത്. ഒരു ചായകുടിക്കാൻ പോലും പേടിയാണത്രേ !! താൻ കാരണം തന്റെ മകന്റെ പഠനത്തിന് കോട്ടം തട്ടുമോ  എന്ന പേടി അങ്ങനെയങ്ങനെ നീണ്ട പത്തു വർഷങ്ങൾ കടന്നുപോയി .....

ഇതിനിടയിൽ തന്റെ ഭാരമേറിയ ജോലികളെ തനിക്കു ഉപേക്ഷിക്കേണ്ടി വന്നു . തന്റെ മകൻ ഇപ്പോൾ ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന ഒരു ഡോക്ടർ ആണ്. തൻറെ മകന് ഒരു കുറവും വരുത്താതെ നോക്കിയിരുന്ന താനിപ്പോൾ മരുന്നിന്റെ കാശിനു പോലും തന്റെ മകനോട് അപേക്ഷിക്കേണ്ടി വരികയാണ് . ആ നിമിഷം അയാൾ ചിന്തിക്കുകയാണ്  " ആവതുള്ള കാലമത്രെയും മക്കൾക്ക് വേണ്ടി സമ്പാദിച്ചിട്ടു ഇന്ന് എനിക്ക് എന്ത് തിരിച്ചു കിട്ടി ?!

പവിത്ര എം
ക്ലാസ്സ് : IX D



## പ്രണയമഴ

എന്റെ കാർമേഘമേ ....
ഞാനൊരു കാര്യം ചോദിക്കട്ടെ ?!
ഈ കാലമെല്ലാം ഈ ഭൂമിയിൽ
പതിഞ്ഞത് നിൻ
മിഴിനീർത്തുള്ളികൾ ആയിരുന്നോ ?!
നിന്റെ കണ്ണുനീരിനെയാണോ ഞങ്ങൾ
മഴ എന്ന പേര് ചൊല്ലിവിളിച്ചത് ?!
നിൻ മനസ്സിൽ പൊട്ടിയൊഴുകുന്ന
സങ്കടങ്ങളെയായിരുന്നോ
ഞങ്ങൾ കാലവർഷം എന്ന് വിളിച്ചത് ?!
അതല്ലെങ്കിൽ സൂര്യനറിയാതെ നീ
ഭൂമിക്കു നൽകിയ പ്രേമലേഖനമായിരുന്നോ മഴ ?!

ശിവാനി ഇ
ക്ലാസ് : IX B

ദശപുഷ്പങ്ങളുടെ

കൗതുകലോകം

ഐശ്വര്യം നൽകുന്നു എന്ന് കരുതപ്പെടുന്ന പത്തു സസ്യങ്ങളാണ് ദശ പുഷ്പചെടികൾ . പുരാണങ്ങളിലും കേരളത്തിന്റെ മതാനുഷ്ഠാനങ്ങളിലും ദശപുഷ്പത്തിനു പ്രേത്യേകം സ്ഥാനമുണ്ട്. വളരെ ഫലവത്തായ ഔഷധ മൂല്യങ്ങളും ദശപുഷ്പത്തിനുണ്ട് എന്നുള്ളതാണ് പ്രധാനം '

മുക്കുറ്റി : ബയോഫിറ്റം സെൻസിറ്റിവം എന്ന് ശാസ്ത്ര നാമമുള്ള ഈ സസ്യം ദഹന സംബന്ധമായ തകരാറുകൾക്കും വേദന സംഹാരിയായും ഉപയോഗിച്ച് വരുന്നു.

തിരുതാളി : ഐപോമിയ ഗണത്തിൽ വരുന്ന ഒരു ആയുർവേദ സസ്യമാണ് തിരുതാളി.വന്ധ്യത ഇല്ലാതാക്കുന്നതിനായി ഉപയോഗിച്ചു വരുന്ന ആയുർവേദ ഔഷധമാണിത്.

ചെറൂള : എർവാ ലാനേറ്റ എന്ന് ശാസ്ത്രനാമം ഉള്ള ഈ സസ്യം വൃക്ക രോഗങ്ങൾക്കു എതിരായുള്ള ഔഷധമായി ഉപയോഗിച്ച് വരുന്നു.

കറുക : സയനഡോൺ ടക്ട്ടയ്ലോൺ എന്നാണ് ശാസ്ത്ര നാമം. കഫ-പിത്ത രോഗങ്ങൾക്കും ത്വക്ക് രോഗങ്ങൾക്കും ഉപയോഗിച്ച് വരുന്ന ഒരു ഔഷധമാണ് കറുക.

കയ്യോന്നി : എക്ലിപ്ട അൽബ എന്ന് ശാസ്ത്ര നാമം ഉള്ള കയ്യോന്നി, കേശ സംരക്ഷണത്തിനും കാഴ്ചശക്തിയ്ക്കും കരളിന്റെ ആരോഗ്യത്തിനും സഹായിക്കുന്നു.

നിലപ്പന : കുർകുലിയോ ഓർക്കിയോയിഡ്സ് എന്നാണ് നിലപ്പനയുടെ ശാസ്ത്ര നാമം . സ്ത്രീകളിലെ പ്രത്യുല്പാദന വ്യവസ്ഥയുടെ ആരോഗ്യത്തിനും രക്ത ശുദ്ധീകരണത്തിനും വിഷത്തിനെതിരെയും ഔഷധമായി ഉപയോഗിച്ച് വരുന്നു .

മുയൽ ചെവിയൻ : എമിലിയ സോഞ്ചിഫോളിയ എന്ന് ശാസ്ത്ര നാമം. നേത്ര രോഗങ്ങൾക്കും വിരശല്യത്തിനും പനിക്കും ഉത്തമ ഔഷധമായി ഉപയോഗിക്കുന്നു.

ഉഴിഞ്ഞ : ശാസ്ത്ര നാമം കാർഡിയോസ്പെർമം ഹാലിക്കാക്കബം എന്നാണ് . കേശ സംരക്ഷണത്തിനായി ഉപയോഗിച്ചുവരുന്നു.

പൂവാംകുരുന്നില : വെർനോനിയ സിനേരിയ എന്ന ശാസ്ത്ര നാമമുള്ള ഈ സസ്യം തേൾവിഷത്തിനു ഉത്തമ ഔഷധമാണ് . ശരീര താപം കുറയ്ക്കുന്നതിന് ഈ സസ്യം സഹായിക്കുന്നു.

വിഷ്ണുക്രാന്തി : ഇവോൽവ്യൂലസ് അൽസിനോയ്ഡ്സ് എന്ന് ശാസ്ത്രനാമം ഉള്ള വിഷ്ണുക്രാന്തി ബുദ്ധിശക്തിക്കും രക്തശുദ്ധീകരണത്തിനും കേശസംരക്ഷണത്തിനും ഉപയോഗിക്കുന്ന ഒരു ഔഷധമാണ് .

നമ്മുടെ നാട്ടിൻപുറങ്ങളിൽ കാണുന്ന ഓരോ ചെറു ചെടികൾക്കും ദശപുഷപങ്ങളെ പോലെ തന്നെ ഒരുപാട് ഔഷധപ്രാധാന്യങ്ങൾ ഉണ്ട് . ഇവയെ സംരക്ഷിച്ചു ഇവയുടെ ഉപയോഗങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ വരും തലമുറയ്ക്ക്സാധിക്കട്ടെ



വൈഗലക്ഷ്മി എം
ക്ലാസ് : IXD

# വിശ്വാസം

വിശ്വാസമാണെല്ലാം
വിശ്വാസം ഉണ്ടെങ്കിൽ എല്ലാം തികഞ്ഞു എന്നാണ് അർത്ഥം
വിശ്വാസത്തിൽ കളങ്കം ഇല്ലെങ്കിൽ ജീവിതം മനോഹരമാണ്
വിശ്വാസത്തെക്കാൾ ഭംഗി മറ്റൊന്നിനും ഇല്ല
വിശ്വാസം ഇല്ലാത്ത ജീവിതം പാഴ്ജീവിതം പോലെയാണ്

ഷംദാൻ ടി കെ
ക്ലാസ് :IX D

# പഴമ

## ഓണത്തെ കുറിച്ചുള്ള പഴഞ്ചൊല്ലുകൾ

'ഓണത്തിനിടക്കാണോ പുട്ടുകച്ചവടം'
'ഓണത്തിനല്ലയോ ഓണപ്പുടവ '
'അത്തം കറുത്താൽ ഓണം വെളുക്കും'
'ഓണത്തിന് ഉറുമ്പും കരുതും'
'കാണം വിറ്റും ഓണം ഉണ്ണണം'
'അവിട്ട കട്ട ചവിട്ടി പൊട്ടിക്കണം'
'ഓണത്തേക്കാൾ വല്യ വാവുണ്ടോ'
'ഉണ്ടെങ്കിൽ ഓണം പോലെ  ഇല്ലെങ്കിൽ ഏകാദശി '
'ഓണം കഴിഞ്ഞാൽ ഓട്ടപുര'
'ഉണ്ടറിയണം ഓണം '

## കൃഷിയെ കുറിച്ചുള്ള പഴഞ്ചൊല്ലുകൾ

'വിത്ത് ഗുണം പത്ത് ഗുണം'
'ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴച്ച്'
'സമ്പത്ത് കാലത്തു തൈ പത്തു വച്ചാൽ
ആപത്തു കാലത്തു കാ പത്തു തിന്നാം'
'മുളയിൽ അറിയാം വിള'
'പത്തായം ഉള്ളിടത്തു പറയും കാണും'
'കണ്ണീരിൽ വിളഞ്ഞ വിദ്യയും
വെണ്ണീറിൽ വിളഞ്ഞ നെല്ലും'
'അശ്വതിയിൽ ഇട്ട വിത്തും
ഭരണിയിലിട്ട മാങ്ങയും കെടാവില്ല'
'ആഴത്തിൽ ഉഴുതു അകലത്തിൽ വിതയ്ക്കുക'
'കന്നിനും കാളയ്ക്കും കോലൊന്നുപോരാ'
'ആനയ്ക്ക് വാഴ തണ്ടും മനുഷ്യന് ചീരത്തണ്ടും'

**സാരംഗ് സി**

**ക്ലാസ് :IX B**

# ഗാന്ധിജിയും
# വിദ്യാഭ്യാസ വചനങ്ങളും

"ഓരോ വീടും ഓരോ
വിദ്യാലയമാണ്
മാതാപിതാക്കൾ അധ്യാപകരും"

"വിദ്യാഭ്യാസമെന്നാൽ എഴുത്തും വായനയും
പഠിക്കുക എന്നതല്ല
അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള
കരുത്താർജ്ജിക്കലാണ് "

"ഒരു ശിശുവിന്റെ ശരീരത്തിലും മനസിലും
ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ
വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം"

"വിദ്യാഭ്യാസത്തിന്റെ അവസാനമല്ല
ആരംഭം മാത്രമാണ് സാക്ഷരത"

"അറിവിന്റെ കടലിൽ മുങ്ങി ചാവാനല്ല
മുത്തുകൾ
പെറുക്കിയെടുക്കാനായിരിക്കണം
മനുഷ്യന്റെ ശ്രമം"

എൽ .കെ .യൂണിറ്റ്
ജി എച്ച് എസ് .എസ് .
കട്ടിലങ്ങാടി

# വയനാട് - സ്വർഗ്ഗ ഭൂമി ! ഒരു യാത്ര വിവരണം

അതിരാവിലെ തന്നെ കാറിൽ എന്റെ കുടുംബവുമായി ഞങ്ങൾ യാത്രയായി . ചുരം കയറി തുടങ്ങി .... ഭൂപ്രകൃതിയിൽ നല്ല മാറ്റങ്ങൾ അനുഭവപ്പെട്ടു തുടങ്ങി .... വളഞ്ഞു തിരിഞ്ഞുള്ള വഴികൾ , വെള്ളച്ചാട്ടങ്ങൾ , ചെറു നീർച്ചാലുകൾ കുഞ്ഞിക്കുരങ്ങന്മാർ പുള്ളിമാനുകളുടെ കൂട്ടം ഇവയെല്ലാം എന്നിൽ അത്ഭുതം ഉണർത്തി .... വൈകാതെ വയനാടിന്റെ ഹൃദയത്തിലേക്ക് ചെന്ന് എത്തിക്കഴിഞ്ഞു . പ്രകൃതി രമണീയമായ മനോഹരമായ പല കാഴ്ചകളും കണ്ടു .കാടും മേടും മഞ്ഞും മലയും തടാകങ്ങളും താഴ്വരകളും എല്ലാം ഇടകലർന്നു കിടക്കുന്ന ഈ കാനന മണ്ണ് സഞ്ചാരികൾക്കു മുന്നിൽ തുറന്നിടുന്നത് വശ്യ സുന്ദരമായ പ്രകൃതി ഭംഗിയുടെ വാതായനങ്ങളാണ്. അവിടുത്തെ മൂടൽ മഞ്ഞു വല്ലാത്ത കുളിരേകി ..!

ഒന്ന് രണ്ടു സ്ഥലങ്ങൾ പോകാനുണ്ട് പക്ഷെ സമയം അനുവദിക്കുന്നില്ല .... ഏകദേശം ഉച്ചോകഴിയാറായിരിക്കുന്നു ....ഭക്ഷണത്തിനു ശേഷം തിരിച്ചു യാത്ര പുറപ്പെട്ടു . സന്ധ്യ സമയത്തു ചുരത്തിൽ നിന്ന് നോക്കുമ്പോഴുള്ള താഴ്വരയുടെ ഭംഗി ആസ്വദിക്കണം ... നേരം സന്ധ്യയായി തുടങ്ങി കോടമഞ്ഞുകൊണ്ടു മലനിരകൾ മൂടാൻ തുടങ്ങി .... തണുപ്പിന്റെ കാഠിന്യം കൂടുന്നു ....മുകളിൽ ആകാശത്തു നക്ഷത്രങ്ങൾ പൂത്തുലഞ്ഞു നിൽക്കുന്നതിന്റെ പ്രീതിബിംബമാണോ താഴ്വരയിൽ കാണുന്നത് ?!!!.... അതിശയം ഭൂമിയിലെ സ്വർഗം ....എത്ര മനോഹരം വയനാടൻ കാഴ്ചകൾ

നാഫില പി വി
ക്ലാസ്സ് IX D

# കുഞ്ഞ് മനസ്സിൻ മാധുര്യം

താമര പൂകൈകളാൽ
നീ എല്ലാം ധന്യമാക്കി
നിന്റെ പൂനിലാ പുഞ്ചിരി
എല്ലാവർക്കും പകർന്നു നീ
നീ എല്ലാവർക്കും പുതു-
ലോകം സൃഷ്ടിച്ചു
നീ എല്ലാവർക്കും ബാല്യം
നിറച്ചു സർവ്വവും കൈയിലാക്കി
നിന്ന് കള്ള ചിരിയിൽ
എല്ലാം മറന്ന് നിന്ന് പോയി
നീ എല്ലാവർക്കും പുതു
ശോഭയായി ഉയർന്ന് നിന്നു
നിന്നെ ഈ ലോകം
കൈകളിൽ കോരിയെടുത്തു
നീ എല്ലാവരിലും വജ്ര-
മായി മാറി......

ഫാത്തിമ ലെന ഒ കെ

# മ്യൂറൽ പെയിൻ്റിംഗ്

സാധാരണ ജലച്ചായം ഉപയോഗിച്ച് പെയിന്റിംഗ് ചെയ്യുന്നതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് കേരളീയ ചുമർ ചിത്രകല. അതിനെ കുറിച്ച് കൂടുതൽ മനസിലാക്കാനായി എനിക്ക് അവസരം ലഭിച്ചത് ഈ അവധിക്കാലത്തു എന്റെ സ്കൂളിൽ ' സപര്യ ' എന്ന പേരിൽ നടന്ന    പ്രതിഭാ പരിപോഷണ പദ്ധതിയിലൂടെയാണ്. ചെറിയ പ്രായം മുതലേ ചുമർ ചിത്രകല പരിശീലിച്ചു തുടങ്ങിയ കെ. ബാബു സാറാണ് ക്ലാസ് നയിച്ചത്. 5 ദിവസം കൊണ്ട് ചുമർ ചിത്രകല മുഴുവനായും പരിശീലിക്കാൻ സാധിക്കില്ല. എങ്കിലും കിട്ടിയ സമയം പരമാവധി പ്രയോജനപ്പെടുത്തി ഒരു ചുമർ ചിത്രം എങ്ങനെയാണ് പൂർത്തീകരിക്കുന്നത് എന്നും ഏതൊക്കെ  ചായങ്ങളാണ് ഉപയോഗിക്കുന്നത് എന്നും അതിന്റെ സവിശേഷതകളും സാർ വിവരിച്ചുതന്നു.  5 നിറങ്ങളെ ചുമർ ചിത്രത്തിൽ ചേർക്കുകയുള്ളൂ .  പ്രകൃതിദത്ത ചായങ്ങൾ മാത്രമാണ്  ഇതിന് ഉപയോഗിക്കുന്നത് . അതുകൊണ്ട് തന്നെ ഈ ചായങ്ങൾ നിർമ്മിച്ചെടുക്കാൻ കുറച്ചു സമയം ആവശ്യമാണ് . ഈ വിശദീകരണ ക്ലാസ്സുകൾ  കൂടാതെ 4 ദിവസം ഞങ്ങളെ കൊണ്ട്  പെയിൻറ് ചെയ്യിപ്പിക്കുകയും ചെയ്തു .  കുറഞ്ഞ ദിവസങ്ങളിലെപരിശീലനം കൊണ്ട് ചുമർ ചിത്രകലയിലെ ചെറിയ 3 ഭാഗങ്ങൾ വരയ്ക്കാൻ സാധിച്ചു.

ഇത് കൂടാതെ ആറാമത്തെ ദിവസം ഞങ്ങൾ വരച്ച ചിത്രങ്ങൾ വേദിയിൽ അവതരിപ്പിക്കാൻ സാധിച്ചു.

ഈ കഴിഞ്ഞ അവധിക്കാലം എന്റെ ഓർമയിൽ നിൽക്കാൻ കാരണം സപര്യ എന്ന പരിപാടിയാണ് . ചിത്രകലയിൽ വേണ്ടത്ര പ്രാഗത്ഭ്യം ഇല്ലാത്തവർക്കും ആസ്വദിച്ച് ചെയ്യാൻ കഴിയുന്ന തരത്തിലാണ് സാർ ക്ലാസ് നയിച്ചത്.

ഈ  പരിശീലനത്തിന് അവസരം ഒരുക്കിത്തന്ന സ്പിക് മാക്കേക്കും പരിശീലിപ്പിച്ച അധ്യാപകർക്കും വളരെയധികം നന്ദി.

അനുഭവക്കുറിപ്പ്

വൈഗ ഒ

# കുച്ചുപ്പുടി

ഭരതനാട്യം വർണം വരെ പരിശീലിച്ച്, തൽക്കാലത്തേക്ക് നൃത്ത പഠനം നിർത്തേണ്ടി വന്നതിനാൽ, ആകുലപ്പെട്ടിരുന്ന എനിക്ക് ലഭിച്ച ഒരു അപൂർവ അവസരമായിരുന്നു ക്രിസ്തുമസ് അവധിക്കാലത്ത് spic macay യുടെ ആഭിമുഖ്യത്തിൽ ഞങ്ങളുടെ വിദ്യാലയത്തിൽ നടത്തപ്പെട്ട 'സപര്യ' ക്യാമ്പ്. ചുരുങ്ങിയ കാലയളവ് അതായത് അഞ്ച് ദിവസത്തെ പരിശീലനം കൊണ്ട് ആന്ധ്രാപ്രദേശിലെ 'കുച്ചിപ്പുടി' എന്ന കലാരൂപത്തെ കുറച്ചെങ്കിലും അറിയാൻ അവസരമുണ്ടായി. ആന്ധ്രാപ്രദേശ് സ്വദേശിയായ ശ്രീവിദ്യ ടീച്ചറായിരുന്നു ഇതിന്റെ പരിശീലക .

ഏതൊരു കലയും അഞ്ചുദിവസം എന്ന ചുരുങ്ങിയ കാലയളവിൽ പൂർണമായി പഠിക്കാൻ സാധിക്കില്ല' എങ്കിലും ആ അഞ്ചു ദിവസം കൊണ്ട് എത്രമാത്രം പഠിക്കാൻ സാധിക്കുമോ അതിനേക്കാൾ എത്രയോ മടങ്ങ് കൃത്യതയോടെയും വ്യക്തതയോടെയും പഠിക്കാൻ സാധിച്ചു. ഈ പരിപാടിയുടെ മറ്റൊരു സവിശേഷത എന്തെന്നാൽ പഠിച്ച കാര്യങ്ങൾ എന്തെല്ലാമണോ അതെല്ലാം ആറാം ദിവസം സ്റ്റേജിൽ അവതരിപ്പിക്കാനുമുള്ള അവസരം ഒരുക്കി തന്നു എന്നതാണ്.
അങ്ങനെ ഞങ്ങൾ കുച്ചിപ്പുടിയിലെ അടവുകളുടെ 7 ഘട്ടങ്ങളിൽ ഓരോന്നിൽ നിന്നും പ്രധാനമായ അടവുകളും, മൂന്നു ജതികളും, ഒരു ഗണപതി സ്തുതിയും പഠിച്ചു. ഇങ്ങനെ കുച്ചിപ്പുടി എന്ന കലാരൂപത്തെക്കുറിച്ചു കൂടുതൽ അറിയാൻ സാധിച്ചു.ഇങ്ങനെയുള്ള പരിപാടികളാണ് ഇന്നത്തെ തലമുറയ്ക്ക് ആവശ്യം. വിദ്യാലയങ്ങൾ കുട്ടികളുടെ ഉള്ളിലെ കഴിവുകൾ വികസിപ്പിക്കാൻ കൂടി എന്നും തെളിയിക്കുന്ന തരത്തിലുള്ള പരിപാടിയായിരുന്നു ഇത്.
രണ്ടാം ക്ലാസ് മുതൽ കുച്ചുപ്പുടി നൃത്തരൂപം പരിശീലിച്ച അനുഭവസമ്പന്നയായ ഒരു കലാപ്രതിഭയുടെ കീഴിൽ കുച്ചുപ്പിടി അഭ്യസിക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. അതോടൊപ്പം
ഈ കലാപരിപോഷണ പരിപാടി ആസൂത്രണം ചെയ്ത സ്പിക് മാക്കേക്കും അത് ഞങ്ങളുടെ സ്കൂളിൽ നടപ്പിലാക്കാൻ തീരുമാനിച്ച സ്കൂൾ അധികൃതർക്കും ഞാൻ ഹൃദയത്തിൽ തൊട്ട് നന്ദി അറിയിക്കുന്നു. ഇനിയും ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടക്കണമെന്നും അതു മൂലം കുട്ടികളുടെ കഴിവുകൾ വികസിക്കണമെന്നും ആഗ്രഹിക്കുന്നു.

അനുഭവക്കുറിപ്പ്

അനുപമ

# اَللُغَةُ الْعَرَبِيَّةُ

اللغة العربية لغة ممتازة.هي لغة من لغات السامية.هي لغة القرآن ولغة رسول الله ص.هي لغة الجنة و لغة القبر.ولغة دينية للمسلمين في العالم. ولغة رسمية للدول العربية.هذه اللغة المباركة تتكلم أكثر ملايين في العالم.هي لغة موسعة ولغة آلية ولغة رقمية ولغة التجارة ولغة إقتصادية .

ولغة كمبيوتر .تولد كلمات جديدة وكثيرة في مختبر اللغة.

اللغة العربية تدرس في روضات الأطفال والمدارس والكليات والجامعات في كيرلا.تعمم هذه اللغة في المدارس السيد سي .آج محمد كويا.تذكر في هذا الوقت الملك شري مولم ترنال في تروتانكور

ينثر هذه اللغة درر الهداية و النور بين محبي هذه اللغة .ويسيل منهم منافعا و محاسنا من قبل اللغة.وهم حاملوا ثقافة الإسلام.

## ESSAY FOR ARABIC LANGUAGE

ASMABI HST ARABIC

# ഒപ്പം ഒപ്പത്തിനൊപ്പം

## ഒരു ക്ലാസ്സ് അവലോകനം

മൂലയിലെ ഒരു ബെഞ്ചിലിരിക്കുന്ന ഉള്ളിവട കുട്ടികളെ നോക്കി കണ്ണുറുക്കി കാരണം മിക്ക കുട്ടികളും എന്നെതന്നെ നോക്കിയിരിക്കുകയാണല്ലോ എന്ന സന്തോഷത്തിൽ നോട്ട്ബുക്കും പേനയും മുമ്പിലെ ബെഞ്ചിൽ ഗമയോടെ  എല്ലാവരെയും നോക്കി ഇരിക്കുകയാണ് അപ്പോഴാണ് എച്ച് എം ക്ലാസ് റൂമിലേക്ക് കടന്നുവന്നത് കുട്ടികൾ 43 പേരും എഴുന്നേറ്റ് നിന്നു ഒപ്പം ഒപ്പത്തിനൊപ്പം കൺവീനർ അസീന ടീച്ചർ കുറച്ച് സംസാരിച്ചതിനു ശേഷം നോട്ട്ബുക്ക് വിതരണ ഉദ്ഘാടനത്തിന് എച്ച് എം നെ സ്വാഗതം ചെയ്തു എച്ച് എം കുട്ടികളോട് ഒപ്പം ഒപ്പത്തിനൊപ്പം പരിപാടിയുടെ പ്രത്യേകതയും അതിന്റെ കാര്യകാരണവും കുട്ടികൾക്ക് വിശദീകരിക്കുകയും ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും വിളിച്ച് നോട്ട്ബുക്കും പേനയും വിതരണം ചെയ്യുകയും ചെയ്തു രാജശ്രീ ടീച്ചർ അനീഷ് സർ പ്രവീണ ടീച്ചർ സിനേഷ് സാർ വിജിത ടീച്ചർ എല്ലാവരുടെയും സാന്നിധ്യം ക്ലാസ്സിൽ ഉണ്ടായിരുന്നു പിന്നെ ക്ലാസ്സിൽ നടന്ന കാര്യം എന്ത് രസമാണെന്നോ

ഹസീന ടീച്ചർ പറയുവാ നിങ്ങൾക്ക് കിട്ടിയ നോട്ടിൽ നിങ്ങളുടെ പേരും സബ്ജക്ടും എഴുതാൻ കുട്ടികളെല്ലാം പേര് എഴുതി സബ്ജക്റ്റ് എന്ത് എഴുതാൻ സബ്ജക്ട് എഴുതേണ്ട സ്ഥലത്ത് എല്ലാവരും ഒപ്പം ഒപ്പത്തിനൊപ്പം എന്ന് എഴുതിക്കോളൂ അസീന ടീച്ചർ പറഞ്ഞു എല്ലാവരും മുഖത്തോട് മുഖം നോക്കി ഓ ആ വാക്ക് എഴുതാൻ നിനക്ക് അറിയോടാ എന്ന് എല്ലാവരും പരസ്പരം ചോദിക്കുന്നു എല്ലാവരും മുഖത്തോട് മുഖം നോക്കിയും നോട്ട് ബുക്കിലേക്ക് ഒളിഞ്ഞുനോക്കുകയും ചെയ്യുന്നുണ്ടായിരുന്നു അപ്പോഴാണ് സിനേഷ് സാർ പറഞ്ഞത് നിങ്ങൾക്ക് പറ്റുന്ന രീതിയിൽ എഴുതൂ ഇന്ന് നമുക്ക് എന്തായാലും ക്ലാസ്സ് എടുക്കാൻ സമയമില്ല നമുക്ക് ഒപ്പം ഒപ്പത്തിനൊപ്പം എന്ന വാക്ക് എഴുതി പഠിക്കാം ഓക്കേ ശരി സാർ എല്ലാവരും എഴുതാൻ തുടങ്ങി അസീന ടീച്ചറും വിജിത ടീച്ചറും സിനേഷ് സാറും ഞങ്ങളുടെ ഓരോരുത്തരുടെയും അരികിലേക്ക് വന്നു അ സീന ടീച്ചർ ചോദിക്കുകയാ മോനേ ഇതിലെ ഒരു പ എവിടെ പോയി സിനേഷ് സർ ചോദിക്കുകയാ ഇതിലെ ഒ കാണാനില്ലല്ലോ

വിജിത ടീച്ചർ പറയുവാ നേ  എന്നത് നൊ എന്നാക്കൂ അങ്ങനെ പല പല തെറ്റുകൾ ഞങ്ങൾക്ക് ഒരു കാര്യം മനസ്സിലായി ഈ ക്ലാസ് ഞങ്ങൾക്ക് വേണം എന്നുള്ളത് എല്ലാവരുടെയും നോട്ട്ബുക്കിൽ തെറ്റ് എഴുതിയ സ്ഥലത്ത് ചുവന്ന മഷി ഉപയോഗിച്ച് ഓരോ വട്ടം വരച്ചു തന്നു ഞങ്ങൾ പരസ്പരം നോക്കിയും ചോദിച്ചും തെറ്റുകൾ തിരുത്തി കൊണ്ടിരുന്നു ഓരോ കുട്ടിക്കും തെറ്റില്ലാതെ എഴുതാൻ കഴിഞ്ഞത് നാല് പ്രാവശ്യം എങ്കിലും വട്ടം കിട്ടിയതിനുശേഷം ആയിരുന്നു ഹോ എന്നാലും ഒപ്പം ഒപ്പത്തിനൊപ്പം തെറ്റില്ലാതെ എഴുതാൻ കഴിഞ്ഞല്ലോ മനസ്സിൽ വളരെ സന്തോഷം തോന്നി അതിലേറെ പഠിക്കാൻ താല്പര്യവും തെറ്റില്ലാതെ എഴുതാൻ എല്ലാവർക്കും കഴിയണം എന്ന് മനസ്സിൽ ചിന്തിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഉള്ളിവട പാക്കറ്റ് അസീന ടീച്ചർ എടുക്കുന്നത് എല്ലാവരും ചാടി എഴുന്നേറ്റു എല്ലാവരും സീറ്റിൽ തന്നെ ഇരിക്കണം എന്ന് ടീച്ചറുടെ ഉച്ചത്തിലുള്ള സംസാരം ഞങ്ങൾ അറിയാതെ തന്നെ വെഞ്ചിലിരുന്നു ഉള്ളിവട ഞങ്ങൾക്ക് തന്നെ കിട്ടുമല്ലോ എന്ന പ്രതീക്ഷയിൽ ഓ എന്തൊരു ചൂടുള്ള ഉള്ളിവട കിട്ടിയവർ ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു അപ്പോഴാണ് വിജിത ടീച്ചർ ഒരു സൈഡിൽ നിന്ന് കേക്ക് കൊടുക്കാൻ തുടങ്ങിയത് ഓ അത് കേക്കാണല്ലോ ഉള്ളിവട കിട്ടിയാൽ മതി എന്നായിരുന്നു എല്ലാവരുടെയും മനസ്സിൽ എല്ലാവർക്കും ഉള്ളിവടയും കേക്കും കിട്ടി അങ്ങനെ ഞങ്ങളുടെ ഇന്നത്തെ ക്ലാസ് അവസാനിച്ചു നാളത്തെ ക്ലാസിനു വേണ്ടി കാത്തിരിക്കുകയാണ്

ഒപ്പം ഒപ്പത്തിനൊപ്പം
പഠന പിന്തുണ പരിപാടി

# കവിത

ആ..... ആ..... ആ..
ഒപ്പം......ഒപ്പത്തിനൊപ്പം....
ഒപ്പം..... ഒപ്പത്തിനൊപ്പ.....
ഒപ്പം ചേർന്നു പഠിച്ചുയരാം
കഴിഞ്ഞകാലം ഓർത്തെടുക്കാം
കളിച്ചു രസിച്ചു പഠിച്ചുയരാം
അക്ഷരങ്ങളെ മുറുകെപ്പിടിച്ച്
നമുക്ക് പഠിക്കാം പഠിച്ചുയരാം.......
ഒപ്പം......ഒപ്പത്തിനൊപ്പം....
ഒപ്പം..... ഒപ്പത്തിനൊപ്പ.....
സ്വപ്നലോകത്തെ രാജാവും റാണിയുമാവാം
ഒപ്പത്തിനെന്ന പേരിൽ......
എല്ലാരെയും ഒപ്പത്തിലാക്കിടാം
അറിവിൻ വെളിച്ചം ജീവനിൽ ചാലിക്കാം.......
ഒപ്പം......ഒപ്പത്തിനൊപ്പം....
ഒപ്പം..... ഒപ്പത്തിനൊപ്പ.....
ജ്ഞാനത്താൽ അന്ധത നീക്കിടും
ഉള്ളിൽ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ
ആ.... ആ.... ആ......(2)
ഒപ്പം......ഒപ്പത്തിനൊപ്പം....
ഒപ്പം..... ഒപ്പത്തിനൊപ്പ.....
സ്വരവ്യഞ്ജനങ്ങളെ ചങ്ങാതിയാക്കിടാം
ഹരണ ഗുണന സഹോദരങ്ങളേ
കയ്യിലൊതുക്കിടാം( 2)
ഇനിയും പഠിക്കുകിൻ നേടാം നമുക്ക്
ആത്മാഭിമാനവും ആനന്ദവും
ഒപ്പത്തിനൊപ്പം എത്തും ഞങ്ങൾ
ഇല്ലനിമേലൊട്ടും പിന്നോട്ട്.......
ഒപ്പം......ഒപ്പത്തിനൊപ്പം....
ഒപ്പം..... ഒപ്പത്തിനൊപ്പ.....
ആ...... ആ..... ആ.......

ഒപ്പം ഒപ്പത്തിനൊപ്പം
പഠന പിന്തുണ പരിപാടി